13

നിയമവും കക്ഷിയെ ഉപദേശിക്കലും

പാഠ ഉള്ളടക്കങ്ങള്	സിലബസ് പഠന ഫലങ്ങൾ
എ സർക്കാരിന്റെ പങ്ക്	13.2
ബി പ്രധാനപ്പെട്ട ഇൻഡ്യനും മറ്റ് അന്താരാഷ്ട്ര ഇൻഷുറൻസ് സംഘടനകളും	13.3
സി ഐആർഡിഎ കൂടാതെ മറ്റ് നിയമനിർമ്മാണ സഭകളുടെയും ചുമതലകൾ, ശക്തികള് കൂടാതെ പ്രവർത്തനങ്ങള്	13.1
ഡി ഐആർഡിഎ (ഇൻഷുറൻസ് ഏജന്റുമാരുടെ ലൈസൻസിംഗ്) നിയമം 2000	13.1

പഠന ലക്ഷ്യങ്ങള്

ഈ അദ്ധ്യായം പഠിച്ചതിനുശേഷം നിങ്ങൾക്ക് താഴെ പറയുന്നവ സാധിക്കും:

- ഇൻഷുറൻസ് വ്യവസായത്തെ വളർത്താന് ഇൻഡ്യന് സർക്കാര് വഹിച്ച പങ്ക് വിശദീകരിക്കും;
- ഇൻഷുറൻസ് വ്യവസായത്തില് ഉള്ള ഇൻഡ്യനും മറ്റ് വിദേശീയവുമായ സംഘടനകളുടെ പങ്ക് വിശദീകരിക്കും;
- ഐആർഡിഎ കൂടാതെ മറ്റ് നിയമനിർമ്മാണ സഭകളുടെയും ചുമതലകള്, ശക്തികൾ കൂടാതെ പ്രവർത്തനങ്ങള് എന്നിവ വിശദീകരിക്കും;

• ഐആർഡിഎ (ഇൻഷുറൻസ് ഏജന്റുമാരുടെ ലൈസൻസിംഗ്) നിയമം 2000 ന്റെ പ്രധാനപ്പെട്ട പ്രത്യേകതകൾ വിശദീകരിക്കും.

ആമുഖം

നമ്മുടെ പഠനത്തിന്റെ ഭാഗമായി നമ്മള് ഇതിനോടകം തന്നെ ഇൻഷുറൻസ് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി (ഐആർഡിഎ) യെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. കഴിഞ്ഞ അദ്ധ്യായത്തിലത് **ഇൻഷുറൻസ് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി (ഐആർഡിഎ) നിയമം 1999** ലൂടെ സ്ഥാപിക്കപ്പെട്ടതാണ്. ഐആർഡിഎ എന്നാല് ഇൻഡ്യയിലെ ഇൻഷുറൻസ് നിയമനിർമ്മാതാവ് എന്നതാണ് അർത്ഥം എന്ന് നമുക്കറിയാം, അത് പോളിസി ഉടമകളെ സംരക്ഷിക്കുകയും കൂടാതെ നിയന്ത്രിക്കുക, പ്രമോട്ട് ചെയ്യുക, എന്നിവയും ഇൻഷുറൻസ് രംഗത്തിന്റെ വളർച്ചക്കായി ചെയ്യുന്നതുമാണ്. ഈ അദ്ധ്യായത്തിൽ ഐആർഡിഎ ഈ ലക്ഷ്യ സാക്ഷാത്കാരത്തിനായി ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ, കടമകൾ, പ്രവർത്തനങ്ങൾ, ശക്തികൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യും. ഇൻഷുറൻസ് ഏജന്റുമാരുടെ ലൈസൻസ് കൊടുക്കുകയും പുതുക്കുകയും ചെയ്യുന്ന കാര്യങ്ങളെക്കുറിച്ചും ഈ അദ്ധ്യായം **ഐആർഡിഎ (ഇൻഷുറൻസ് ഏജന്റുമാരുടെ ലൈസൻസിംഗ്) നിയമം 2000** ത്തിനെ അടിസ്ഥാനമാക്കി ചർച്ച ചെയ്യും.

ഇൻഡ്യയില് ഇൻഷുറൻസ് പ്രചാരത്തിനായി സ്ഥാപിച്ച വിവിധതരം സംഘടനകൾക്ക് പിന്നില് ഇൻഡ്യന് സർക്കാരിന്റെ പങ്കിനെക്കുറിച്ച് നമ്മള് പഠിക്കാനാരംഭിക്കും.

പ്രധാന വാക്കുകള്			
ഈ അദ്ധ്യായം താഴെപ്പറയുന്ന വാക്കുകളുടെയും ആശയങ്ങളുടെയും വിശദീകരണങ്ങളാണ്:			
ഇൻഷുറൻസ് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി (ഐആർഡിഎ)	നേരിട്ടുള്ള വിദേശ നിക്ഷേപം (എഫ്ഡിഐ)	ലൈഫ് ഇൻഷുറൻസ് കൌൺസില് (എൽഐസി)	ഇന്സ്റ്റിറ്റ്യൂട്ട് ഓഫ് ആക്ചറീസ് ഓഫ് ഇൻഡ്യ (ഐഎഐ)
ഇൻഷുറൻസ് ബ്രോക്കേഴ്സ് അസോസിയേഷൻ ഓഫ് ഇൻഡ്യ (ഐബിഎഐ)	ഇൻഷുറൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യ (ഐഐഐ)	താരിഫ് അഡ്വൈസറി കമ്മിറ്റി (റ്റിഎസി)	താരീഫൽക്കരണം ഇല്ലാതാക്കുക

ഐആർഡിഎ (ഇൻഷുരൻസ് ഏജന്റുമാരുടെ ലൈസൻസിംഗ്) നിയമം 2000	ലൈസൻസ് റദ്ദാക്കൽ	പ്രായോഗിക പരിശീലനം	ലൈസൻസ് പുറപ്പെടുവിക്കൽ
അച്ചടക്കം	ലൈസൻസ് പകർപ്പ്		

എ സർക്കാരിന്റെ പങ്ക്

നിയമത്തിന്റെ ആത്യന്തികമായ ഉറവിടം എന്ന നിലയ്ക്ക്, ഇൻഷുറൻസ് വ്യവസായത്തിന്റെ കാര്യത്തില് സർക്കാരിന് വളരെ പ്രധാനമായ പങ്ക് വഹിക്കാനുണ്ട്. ഇൻഡ്യയിലുടനീളം ഇൻഷുറൻസ് പടർത്താന് ആവശ്യമായ ശക്തമായ സന്നാഹങ്ങൾ അതിനുണ്ട്.

എ1 ഐആർഡിഎയെ മറികടക്കുന്ന കേന്ദ്ര സർക്കാരിന്റെ ശക്തി

1999 ലെ ഐആർഡിഎ നിയമം ഒരു നോട്ടീസ് കൊടുക്കുന്നപക്ഷം ഐആർഡിഎയെ മറികടക്കാനുള്ള ശക്തി കേന്ദ്ര സർക്കാരിന് നൽകിയിരിക്കുന്നു. ഐആർഡിഎ അതിന്റെ ശക്തിയും അധികാരവും വേണ്ട വിധത്തില് ഉപയോഗിച്ചില്ല (ഐആർഡിഎയുടെതല്ലാത്ത കാരണങ്ങളാല്) എന്ന ആക്ഷേപമുന്നയിച്ചാണ് കേന്ദ്ര സർക്കാര് പ്രസ്തുത ഏറ്റെടുക്കല്, പൊതുജന നമയ്ക്കായി നടത്തുന്നത്.

എ2 ഐആർഡിയെയുമായി കേന്ദ്ര സർക്കാരിനുള്ള ബന്ധം

ഐആർഡിഎ നിയമം ഐആർഡിയെയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിനുള്ള പങ്കിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഇത് താഴെ പറയും പ്രകാരം നമുക്ക് സംഗ്രഹിക്കാം:

- പാർലമെന്റ് ഒരു നിയമമായി അംഗീകരിച്ചതിനുശേഷം ഐആർഡിഎയ്ക്ക് ഗ്രാന്റ് അനുവദിക്കുന്നു.
- ഐആർഡിഎയുടെ വാർഷിക കണക്കുകള് ഓഡിറ്റര് ജനറല് ഓഫ് ഇൻഡ്യ ഓഡിറ്റ് ചെയ്ത് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. പിന്നീട് ഈ അക്കൌണ്ട് വിവരങ്ങൾ കേന്ദ്ര സർക്കാര് ഓരോ സഭയ്ക്ക് മുന്നിലും അവതരിപ്പിക്കും.
- പോളിസിയെക്കുറിച്ചുള്ള ചോദ്യങ്ങളുടെ അടിസ്ഥാനത്തില് കേന്ദ്ര സർക്കാരിന് ഐആർഡിഎയ്ക്ക് സാങ്കേതികേതരമായ ഏത് വിഷയത്തിലും മാർഗനിർദ്ദേശങ്ങള് പുറപ്പെടുവിക്കാം. അത് സമയാസമയങ്ങളില് ഐആർഡിഎയ്ക്ക് കേന്ദ്ര സർക്കാര് എഴുത്തുരൂപത്തില് മാർഗനിർദ്ദേശങ്ങള് നൽകാവുന്നതാണ്.

- ഐആർഡിഎ വരുമാനങ്ങള്, പ്രസ്താവനകള് കൂടാതെ മറ്റ് കാര്യങ്ങള് എന്നിവ ഏതെങ്കിലും ശുപാർശിതമോ നിലവിലുള്ളതോ ആയ പരിപാടിയുടെ പ്രചാരണത്തിനും വികസനത്തിനുമായി സമയാസമയങ്ങളില് കേന്ദ്ര സർക്കാരുമായി സഹകരിക്കേണ്ടതാണ്.
- ഈ നിയമത്തിന്റെ സാദ്ധ്യതകള് നടപ്പിലാക്കാന് കേന്ദ്ര സർക്കാരിന് അതിന്റേതായ അധികാരമുണ്ട്, മാത്രമല്ല അത് ചെയ്യാന് ഒരു നോട്ടീസ് പുറപ്പെടുവിച്ചാൽ മാത്രം മതി.

ചിത്രം 13.1 ഐആർഡിഎ യും കേന്ദ്ര സർക്കാരുമായുള്ള ബന്ധം



എ3 വ്യവസായത്തിന്റെ വളർച്ചയില് സർക്കാരിന്റെ പങ്ക്

ഇൻഷുറൻസ് വ്യവസായത്തിന്റെ വളർച്ചയ്ക്കായി കേന്ദ്ര സർക്കാര് സമയാസമയങ്ങളിൽ പല പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. അതിൽ ഏറ്റവും സുപ്രധാനമായ ഒന്ന് ഇൻഷുറൻസ് മേഖലയില് വിദേശ നിക്ഷേപം അനുവദിച്ചതാണ്. ഇത് നേരിട്ടുള്ള വിദേശ നിക്ഷേപം (എഫ്ഡിഐ) എന്ന് അറിയപ്പെടുന്നു.

എ3എ) നേരിട്ടുള്ള വിദേശ നിക്ഷേപം (എഫ്ഡിഐ)

2000 ന് മുമ്പ്, ലൈഫ് ഇൻഷുറൻസ് വ്യവസായം ഇൻഡ്യയില് വേരോടിയതിന്റെ ഒരേയൊരു അവകാശം ലൈഫ് ഇൻഷുറൻസ് കോർപ്പറേഷന് (എൽഐസി) ആണ്.

ഇൻഷുറൻസ് എന്നത് വളരെയധികം മൂലധനാധിഷ്ഠിതമായൊരു ബിസിനസ്സാണ്, മാത്രമല്ല അത് നീണ്ടതും ഇടവിട്ടതുമായ കാലഘട്ടത്തിൽ നടക്കുന്നതുമാണ്, അത് വളരെ വൈദഗ്ദ്ധ്യം ആവശ്യപ്പെടുന്നുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടെ സർക്കാര് ഇൻഷുറന്സ് വ്യവസായം ആരംഭിക്കാന് ആഗ്രഹിച്ചപ്പോള്, പ്രസ്തുത കക്ഷികൾക്ക് സാങ്കേതിക പരിജ്ഞാനമോ ഇൻഷുറൻസ് വ്യവസായത്തിന് ആവശ്യമായ മൂലധനമോ ഉണ്ടായിരുന്നില്ല. അതിനാൽ അനായാസമായ ഒരു ആരംഭത്തിനും മുന്നോട്ടുപോക്കിനും വേണ്ടി സർക്കാര് 26% നേരിട്ടുള്ള വിദേശ നിക്ഷേപം (എഫ്ഡിഐ) അനുവദിച്ചു.

ബോധവാനായിരിക്കുക

നിലവിലുള്ള എഫ്ഡിഐ ഇൻഷുറൻസ് നിയമപ്രകാരം എഴുത്തിലോ, പ്രാദേശിക സ്വകാര്യ കമ്പനികളോ സംയുക്ത സംരംഭങ്ങൾ (ജെവി കൾ) 26% വിദേശ പങ്കാളിയുടെ കൈവശമായിരുന്നു.

2000 ല് ഇൻഷുറൻസ് വ്യവസായത്തില് സ്വകാര്യ പങ്കാളിത്തം ആരംഭിച്ചതോടുകൂടി, ഇൻഷുറൻസ് ഇൻഡ്യയില് മികച്ച രീതിയില് മുന്നേറ്റം നടത്തുന്നുണ്ട്. ഉപഭോക്താക്കൾക്ക് ഇച്ഛാനുസൃതമായതും ഒരുപാട് സൌകര്യങ്ങളുള്ളതുമായ ഉൽപന്നങ്ങള് ലഭ്യമാണ്, മാത്രമല്ല അവയുടെ പ്രീമിയം പദ്ധതികളും ആകർഷകമാണ്. ഈ വളർച്ച നിലനിർത്താന് സംയുക്ത സംരംഭങ്ങളിലൂടെ എഫ്ഡിഐപരിധി 49% മായി ഉയർത്താന് സർക്കാര് പദ്ധതിയിടുന്നു. ഇത്തവണ പാർലമെന്റിനു മുന്നില് ഇത് അംഗീകാരത്തിനായി അവതരിപ്പിക്കപ്പെടും. ഇത് അംഗീകരിക്കപ്പെട്ടുകഴിഞ്ഞാൽ അത് വലിയൊരുമുന്നേറ്റം സൃഷ്ടിക്കും. ഈ മേഖലയിൽ നിങ്ങള് എല്ലാ പുതിയ വിവരങ്ങളും അറിഞ്ഞുകൊണ്ടേയിരിക്കുന്നത് ഉചിതമായിരിക്കും.

നിർദ്ദിഷ്ട പ്രവർത്തനം

ഇന്റർനെറ്റില് നിന്നോ ബ്രൌഷറുകള് നിന്നോ വിവരങ്ങള് ശേഖരിച്ച് ഏതെങ്കിലും അഞ്ച് ലൈഫ് ഇൻഷുറൻസ് കമ്പനികളുടെ വിവരങ്ങളറിയുക. മാത്രമല്ല അവയുടെ പ്രാദേശിക പങ്കാളിത്തത്തെക്കുറിച്ചും എത്രമാത്രം വിദേശ പങ്കാളിത്തമുണ്ട് എന്നതിനെക്കുറിച്ചും അറിയുക.

എ3ബി ആദായനികുതി ആനുകൂല്യങ്ങള്

മുൻ അദ്ധ്യായങ്ങളില് നമ്മള് കണ്ടതുപോലെ എങ്ങനെയാണ് വ്യത്യസ്തതരം ആദായനികുതി ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നത് എന്നതിനെ അടിസ്ഥാനമാക്കി വ്യക്തികളെ ലൈഫ് ഇൻഷുറൻസില് നിക്ഷേപിക്കാന് പ്രേരിപ്പിക്കുന്നു. ഇത് ഇന്തയിലുടനീളം ലൈഫ് ഇൻഷുറൻസിന് പ്രചാരമേറാന് സഹായകമാകുന്നു.

ചോദ്യം 13.1

ഐആർഡിഎ അതിന്റെ കടമകളില് വീഴ്ച വരുത്തുന്നു എന്ന അഭിപ്രായമാണ് കേന്ദ്രസർക്കാരിന് ഉള്ളതെങ്കില് എന്താണ് ചെയ്യാനാവുക?

ബി പ്രധാനപ്പെട്ട ഇൻഡ്യനും മറ്റ് അന്താരാഷ്ട്ര ഇൻഷുറൻസ് സംഘടനകളും

ഇൻഡ്യന് ലൈഫ് ഇൻഷുറൻസ് വ്യവസായത്തില് പ്രമുഖമായ സ്ഥാനം വഹിക്കുന്ന ചില സുപ്രധാന സംഘടനകളെ നമുക്ക് ഈ വിഭാഗത്തിൽ പരിചയപ്പെടാം.

ബി1 ഇൻഷുറൻസ് റെഗുലേറ്ററി ആന്റ് ഡെവലപ്പ്മെന്റ് അതോറിറ്റി (ഐആർഡിഎ)

അദ്ധ്യായം 1 ല് നമ്മള് ഇൻഷുറൻസ് റെഗുലേറ്ററി ആന്റ് ഡെവലപ്പ്മെന്റ് അതോറിറ്റി (ഐആർഡിഎ) 1999 ല് സ്ഥാപിക്കപ്പെട്ടതും മൽഹോത്രാ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തില് ഇൻഷുറൻസ് വ്യവസായത്തില് നിയമങ്ങള് കൊണ്ടുവന്നതും നമ്മൾ കണ്ടു. ഐആർഡിഎയുടെ പ്രധാന ഉദ്ദേശങ്ങള് ഉപഭോക്തൃ സംതൃപ്തി വർദ്ധിപ്പിക്കാനായി മത്സരത്തിന് കളമൊരുക്കുകയും മത്സരാധിഷ്ഠിതമായ പ്രീമിയങ്ങൾ ഇൻഷുറൻസ് വിപണിയുടെ സുരക്ഷ നിലനിർത്തിക്കൊണ്ടുതന്നെ നടപ്പിലാക്കുക എന്നതുമായിരുന്നു. ഐആർഡിഎയ്ക്ക് നിയന്ത്രിക്കാനും പ്രചരിപ്പിക്കാനും ഇൻഡ്യന് വിപണിയില് ഇൻഷുറൻസ് വളരുന്നു എന്ന് ഉറപ്പുവരുത്താനും കടമയുണ്ട്.

ബോധവാനായിരിക്കുക

ഏപ്രിൽ 2000 ല് ഐആർഡിഎ ഒരു സ്വതന്ത്ര പ്രസ്ഥാനമാക്കി.

ഈ അദ്ധ്യായത്തിൽ പിന്നീട് നമ്മള് ഐആർഡിഐയുടെ ചുമതലകള്, അധികാരങ്ങൾ, പ്രവർത്തനങ്ങള് എന്നിവയെക്കുറിച്ച് മനസ്സിലാക്കും.

ബി2 ലൈഫ് ഇൻഷുറൻസ് കൌൺസില്

1938 ലെ ഇൻഷുറൻസ് നിയമത്തിലെ 64എ വകുപ്പിനുകീഴില് രൂപീകരിച്ചതാണ് ലൈഫ് ഇൻഷുറൻസ് കൌൺസില്. ഇത് എക്സിക്യൂട്ടീവ് കമ്മിറ്റിയിലൂടെയും കൂടാതെ അനവധി ഉപ-കമ്മിറ്റികളിലൂടെയുമാണ് പ്രവർത്തിക്കുന്നത്, കൂടാതെ ഇൻഡ്യയിലെ എല്ലാ ഇൻഷുറൻസ് കമ്പനികളെയും ഉൾക്കൊള്ളുന്നു. ഇത് വ്യവസായത്തിനായി വികസിപ്പിക്കുകയും സഹകരിക്കുകയും സർക്കാരിനോടും, ഐആർഡിഎയുമായും പൊതുജനങ്ങളുമായും എല്ലാ ചർച്ചകളും നടത്തുകയും

ചെയ്യുന്നു. ചുരുക്കത്തിൽ, ഇത് ലൈഫ് ഇൻഷുറൻസ് വ്യവസായത്തിന്റെ മുഖം തന്നെയാണ്.

ലൈഫ് ഇൻഷുറൻസ് കൌൺസിലിന്റെ പ്രധാനപ്പെട്ട ലക്ഷ്യം ഇൻഡ്യയുടെ ലൈഫ് ഇൻഷുറൻസ് വ്യവസായത്തെ ഒരു മികച്ചതും, വിശ്വസനീയവും ലാഭകരമായതുമായ സേവനമായി മാറ്റി എടുക്കുകയും ആളുകളെ അവരുടെ ഐശ്വര്യത്തിലേയ്ക്കുള്ള യാത്രയിൽ സഹായിക്കുകയും ചെയ്യുന്നതില് പ്രമുഖമായ പങ്ക് വഹിക്കുക എന്നതാണ്.

ലൈഫ് ഇൻഷുറൻസ് കൌൺസിലിന്റെ പ്രവർത്തനങ്ങള് താഴെ പറയുന്നവയാണ്:

- ഉയർന്ന നിലവാരത്തിലുള്ള ധാർമ്മികതയും ഭരണവും നിലനിർത്തുക.
- വ്യവസായത്തെക്കുറിച്ച് നല്ലൊരു ചിത്രമുണ്ടാക്കുകയും ഉപഭോക്തൃ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യുക.
- ലൈഫ് ഇൻഷുറൻസിന്റെ പങ്കിനെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും ബോധവൽക്കരിക്കുക.
- സർക്കാർ, നിയമനിർമ്മാതാക്കള് കൂടാതെ മറ്റ് അധികാരികള് എന്നിവരുമായി ഘടനാപരമായതും മുൻകൂട്ടി കണ്ടുകൊണ്ടുള്ളതുമായ ചർച്ചകള് സംഘടിപ്പിക്കുക.
- ലൈഫ് ഇൻഷുറൻസില് ഗവേഷണം നടത്തുകയും ഈ മേഖലയുടെ വികാസത്തിൽ സംഭാവന നൽകുകയും ചെയ്യുക.
- സാമ്പത്തിക സേവന മേഖലയിൽ മറ്റ് സംഘടനകളുമായി ഫോറം ആയി പ്രവർത്തിക്കുക.
- ഇൻഷുറൻസ് വിദ്യാഭ്യാസം, പരിശീലനം, സമ്മേളനങ്ങൾ എന്നിവയിൽ പ്രധാന പങ്ക് വഹിക്കുക.
- ആവശ്യമുള്ളതുപ്രകാരം അംഗങ്ങൾക്ക് സഹായവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക.
- ഇൻഡ്യന് ലൈഫ് ഇൻഷുറൻസ് വ്യവസായത്തിനും ആഗോള വിപണികൾക്കും ഇടയിലുള്ള സജീവമായ ഒരു ഇടനിലക്കാരനായി പ്രവർത്തിക്കുക.

ബി3 ജനറല് ഇൻഷുറൻസ് കൌൺസില്

ജനറൽ ഇൻഷുറൻസ് കൌൺസില് ഇൻഡ്യയിലാകമാനമുള്ള പൊതു (നോൺ-ലൈഫ്) താൽപര്യങ്ങളുടെ പ്രതിനിധീകരണമാണ്. കൌൺസില് പൊതു താൽപര്യമുള്ള വിഷയങ്ങളിൽ പ്രതികരിക്കും, ചർച്ചകളില് പങ്കെടുക്കും കൂടാതെ ഉപഭോക്തൃ സേവനത്തിൽ ഉയർന്ന നിലവാരം കൈവരിക്കാനുള്ള നടപടികള് കൈക്കൊള്ളും.

ബി4 ഇൻഷുറൻസ് ബ്രോക്കേഴ്സ് അസോസിയേഷന് ഓഫ് ഇൻഡ്യ(ഐബിഎഐ)

ഇൻഷുറൻസ് ബ്രോക്കേഴ്സ് അസോസിയേഷന് ഓഫ് ഇൻഡ്യ(ഐബിഎഐ) എന്നത് ഐആർഡിഎ അംഗീകരിച്ച ലൈസൻസുള്ള ഇൻഷുറൻസ് ബ്രോക്കർമാരുടെ ഒരു സംഘടനയാണ്. ഇൻഷുറൻസ് ഉപഭോക്താക്കളുടെ താൽപര്യ സംരക്ഷണാർത്ഥം ഐആർഡിഎ പ്രൊഫഷണലുകള് ഇൻഡ്യന് വിപണിയിലേയ്ക്ക് ആകർഷിച്ചു

വരുത്തിയതാണ് ഇൻഷുറൻസ് ബ്രോക്കർമാര്. ഇൻഷുറൻസ് കമ്പനി പ്രതിഫലം കൊടുക്കുന്നുണ്ടെങ്കിലും ഇൻഷുറൻസ് ബ്രോക്കർമാര് പ്രതിനിധീകരിക്കുന്നത് ഇൻഷുറൻസ് ഉപഭോക്താവിനെയാണ് അല്ലാതെ ഇൻഷുറൻസ് കമ്പനിയെ അല്ല.

ബോധവാനായിരിക്കുക

ഇൻഷുറൻസ് ബ്രോക്കര് വഴി ബിസിനസ്സ് നടത്തുന്നതിന് പോളിസി ഉടമയ്ക് മറ്റ് അധിക ചെലവുകളൊന്നുമില്ല.

ബി5 ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആക്ചുറീസ് ഓഫ് ഇൻഡ്യ (ഐഎഐ)

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആക്ചുറീസ് ഓഫ് ഇൻഡ്യ (ഐഎഐ) (മുൻപ് ആക്ചുറിയല് സൊസൈറ്റി ഓഫ് ഇൻഡ്യ - എഎസ്ഐ) 1944 ല് രൂപീകരിക്കപ്പെടുകയും 1979 ല് ഇന്റർനാഷണല് ആക്ചുറിയല് അസോസിയേഷനില് രജിസ്റ്റര് ചെയ്യപ്പെടുകയും ചെയ്തു.

ബോധവാനായിരിക്കുക

ഒരു ആക്ചുറി എന്നാല് ഇൻഷുറൻസുമായി ബന്ധപ്പെട്ടുവരുന്ന അപകടസാദ്ധ്യതകളെ ഗണിത രൂപത്തിൽ മനസ്സിലാക്കുന്ന ആളാണ്. ഉദാഹരണത്തിന്, അദ്ധ്യായം 4 ല് നമ്മള് ആക്ചുറികള് തയ്യാറാക്കിയ, ഇൻഷുറൻസ് കമ്പനികള് ഉപയോഗിക്കുന്ന മോർട്ടാലിറ്റി പട്ടികകള് കണ്ടു. ഒരു ആക്ചുറി എന്നാല് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആക്ചുറിസ് ഓഫ് ഇൻഡ്യ (ഐഎഐ) യിലെ ഒരു അംഗമായിരിക്കണം.

ഐഎഐ താഴെ പറയുന്ന ലക്ഷ്യങ്ങളോടെയാണ് ആരംഭിച്ചത്:

- ഇൻഡ്യയില് ആക്ചുറി ഒരു പ്രൊഫഷനായി വളർത്തുക;
- പ്രൊഫഷനിലുള്ള അംഗങ്ങൾക്കിടയില് ചർച്ചകൾക്ക് അവസരമൊരുക്കുക;
- പ്രസക്തമായ വിഷയങ്ങളിൽ ഗവേഷണം നടത്തുകയും പഠനാവസരങ്ങൾ ഉണ്ടാക്കുകയും ചെയ്യുക; കൂടാതെ
- ആക്ചുറിറിയല് പരീക്ഷയ്ക്ക് പഠിക്കുന്ന ആളുകൾക്ക് സൌകര്യങ്ങളും മാർഗനിർദ്ദേശങ്ങളും നൽകുക.

ബി6 താരിഫ് അഡ്വൈസറി കമ്മിറ്റി (റ്റിഎസി)

താരിഫ് അഡ്വൈസറി കമ്മിറ്റി (റ്റിഎസി) 1938 ലെ ഇൻഷുറൻസ് നിയമത്തിലെ 64യു വകുപ്പ് പ്രകാരമാണ്. ഇത് സാധാരണ ഇൻഷുറൻസ് ബിസിനസ്സില് ഇൻഷുററർമാര് വാഗ്ദാനം ചെയ്യുന്ന നിരക്കുകള്, ആനുകൂല്യങ്ങള്, നിബന്ധനകളും വ്യവസ്ഥകളും എന്നിവയുമായി ബന്ധപ്പെട്ടതാണ്. സന്ദർഭവശാല്, പല ഇൻഷുറൻസ് ഉൽപന്നങ്ങളും നിരക്കിന്റെ അടിസ്ഥാനത്തില് മുൻകാലങ്ങളില് ശുപാർശ

ചെയ്തിരുന്നത് റ്റിഎസി ആണ്. റ്റിഎസിയെ ഐആർഡിഎ നോണ്-ലൈഫ് ഇൻഷുറൻസ് വ്യവസായത്തിനായുള്ള വിവര സഞ്ചയമായും ഇത് വർത്തിക്കുന്നു.

ഐആർഡിഎ, ഘട്ടം ഘട്ടമായി, ഡീ താരിഫിക്കേഷന് നടപ്പിലാക്കാനുള്ള നിരക്കിലാണ്; ഇത് ഭാഗികമായി പൂർത്തിയായി പക്ഷെ പൂർണ്ണമായി ഇതുവരെ പൂർത്തിയായിട്ടില്ല.

ബോധവാനായിരിക്കുക

ഡീ താരിഫിക്കേഷൻ എന്നത് ഇൻഷുറൻസ് വിലയിടല് സ്വതന്ത്രമാക്കലാണ്, അത് അതിന്റെ വിപണിയിലുള്ള അപകടസാദ്ധ്യതാ അവലോകനത്തിനനുസരിച്ചാണ്.

റ്റിഎസി അല്ല ഇൻഷുറൻസ് ഉൽപന്നങ്ങളുടെ വില നിശ്ചയിക്കുന്നത് എങ്കിലും തന്നെ, റ്റിഎസി ഉണ്ടാക്കിയ പോളിസി വാക്കുകള് ഇപ്പോഴും ഇൻഷുററർമാര് പരിഗണിക്കുന്നു.

ബി7 ഇൻഷുറൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യ (ഐഐഐ)

ഇൻഷുറൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ഡ്യ (ഐഐഐ) 1955 ല് ഫെഡറേഷന് ഓഫ് ഇൻഷുറൻസ് ഇൻസ്റ്റിറ്റ്യൂട്ട് ആയാണ് രൂപീകരിച്ചത്, പിന്നീട് 1987 ല് അത് ഐഐഐ ആയി. അതിന്റെ പ്രധാന ചുമതല ഇൻഡ്യയില് ഇൻഷുറൻസ് വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും ഇൻഷുറൻസ് വ്യവസായത്തിന്റെ എല്ലാ വിഭാഗങ്ങളുമായും ബന്ധപ്പെട്ട് പരിശീലനം നൽകുക എന്നതുമാണ്, ഇതില് സ്വകാര്യ,പൊതു ഇൻഷുറൻസ് കമ്പനികള് ഉൾക്കൊള്ളുന്നു.

ഈ ഇൻസ്റ്റിറ്റ്യൂട്ട് അതിന്റെ വിവിധ അന്താരാഷ്ട്ര തലങ്ങളിലായി കാനഡ, യുഎസ്എ, യുകെ എന്നിവിടങ്ങളുമായി ബന്ധപ്പെട്ട് ചാർട്ടേർഡ് ഇൻഷുറൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഉൾപ്പെടെ, പ്രവർത്തിക്കുന്നു (താഴെ കാണുക).

ബി8 നാഷണൽ ഇൻഷുറൻസ് അക്കാദമി (എൻഐഎ), പൂണെ

എൻഐഎ 1980 ല് സർക്കാര് എൽഐസി,ജിഐസി കൂടാതെ മറ്റ് നാല് പി എസ് യു ജനറല് ഇൻഷുറർമാര് എന്നിവയുടെ പിന്തുണയുമായി ആരംഭിച്ചതാണ്. എൻഐഎയുടെ പ്രധാന ലക്ഷ്യം ഇൻഷുറൻസ് പരിശീലനം, എക്സിക്യൂട്ടീവുകള്, ഫാക്കൽറ്റി, ഗവേഷണ മാനേജ്മെന്റ് കൂടാതെ ആശയവിനിമയം എന്നിവയില് രൂപമാതൃകയും, അത് നടപ്പിലാക്കലുമാണ്. ഇത് ഗവേഷണം, പരിശീലനം, വിദ്യാഭ്യാസം, കൺസൾട്ടൻസി പ്രസിദ്ധീകരണം, കൂടാതെ ഇൻഷുറൻസ് അപകടസാദ്ധ്യതാ മാനേജ്മെന്റില് നേതൃത്വഗുണങ്ങള് വർദ്ധിപ്പിക്കുകയുമാണ്. എൻഐഎ കൊഗ്നിറ്റീവ് വികസന പരിപാടികള് വഴി ഒരുപാട് ഇൻഷുറന്സ് എക്സിക്യൂട്ടീവ് പ്രാക്റ്റീഷണർമാരെ സൃഷ്ടിച്ചിട്ടുണ്ട്

ബി9 ചാർട്ടേർഡ് ഇൻഷുറൻസ് ഇൻസ്റ്റിറ്റ്യൂട്ട് (സിഐഐ)

ചാർട്ടേർഡ് ഇൻഷുറൻസ് ഇൻസ്റ്റിറ്റ്യൂട്ട് (സിഐഐ) 1912 ൽ 95,000 ല് അധികം അംഗങ്ങളും 150 ല് അധികം രാജ്യങ്ങളില് ഏറ്റവും വലിയസ്വാധീനവുമായി യുകെയിലാണ് റോയല് ചാർട്ടര് സ്ഥാപിച്ചത്. ഇത് ലോകത്തെ ഏറ്റവും വലിയ ഇൻഷുറന്സ് കൂടാതെ സാമ്പത്തിക ശൃംഖലയാണ്. സിഐഐയുടെ പ്രധാന ഉദ്ദേശം സ്ഥിരമായ ആഗോള പ്രൊഫഷണൽ നിലവാരം, വിദ്യാഭ്യാസ പങ്കാളികള്, പ്രൊഫഷണലിസം വർദ്ധിപ്പിക്കാനായി വ്യാവസായിക നിലവാരം വർദ്ധിപ്പിക്കുക.

ബി10 ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഷുറൻസ് ആന്റ് റിസ്ക് മാനേജ്മെന്റ് (ഐഐആർഎം), ഹൈദ്രാബാദ്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഷുറൻസ് ആന്റ് റിസ്ക് മാനേജ്മെന്റ് (ഐഐആർഎം) എന്നത് ഒരു അന്താരാഷ്ട്ര വിദ്യാഭ്യാസ ഗവേഷണ സ്ഥാപനമാണ്.ഈ സ്ഥാപനം ഐആർഡിഎയും ആന്ധ്രാപ്രദേശ് സംസ്ഥാന സർക്കാരും സമ്യുക്തമായി 2002 ല് ആരംഭിച്ചതാണ്. **ഐആർഡിഎ 1999 നിയമത്തിലെ വകുപ്പ്14(എഫ്) പ്രകാരം അന്താരാഷ്ട്ര ഡിപ്ലോമാനന്തര കോഴ്സുകള് ഇൻഷുറൻസ് കൂടാതെ അപകടസാദ്ധ്യതാ മാനേജ്മെന്റില് (സ്ഥിരമായതും അകന്നിരുന്ന് ചെയ്യാവുന്നതുമായ കോഴ്സുകൾ) ചെയ്യുക എന്നതായിരുന്നു ഉദ്ദേശം.**

ഐഐആർഎം വളർന്നുകൊണ്ടിരിക്കുന്ന വിപണികളില് ഇൻഷുറൻസ് മേഖല നേരിടുന്ന നിലവിലെ സങ്കീർണ്ണതകളോട് പെരുമാറുന്നതെങ്ങനെ എന്ന് പഠിക്കുകയും ആവശ്യമായ വികസനങ്ങളെന്ത് എന്ന് മനസ്സിലാക്കുകയുമാണ്.

ചോദ്യം 13.2
ലൈഫ് ഇൻഷുറൻസ് കൌൺസിലിന്റെ പ്രവർത്തനങ്ങള് എന്തൊക്കെയാണ്?

സി ഐആർഡിഎ കൂടാതെ മറ്റ് നിയമനിർമ്മാണ സഭകളുടെ ചുമതലകള്, ശക്തികളും പ്രവർത്തനങ്ങളും

സി1 ഐആർഡിഎ

ഐആർഡിഎ 1999 നിയമത്തിലെ വകുപ്പ്14(എഫ്) പ്രകാരം ചുമതലകളും അധികാരങ്ങളും സ്ഥാപിതമായിരിക്കുന്നു. ഐആർഡിഎ നിയമം, ഐആർഡിഎയ്ക്ക് താഴെ പറയുന്ന അധികാരങ്ങള് നൽകിയിരിക്കുന്നു:

a)	രെജിസ്ട്രേഷൻ, പുതുക്കല്, നവീകരിക്കല്, പിൻവലിക്കല്, സസ്പെന്റ് ചെയ്യുകയോ രജിസ്ട്രേഷന് ഉൾപ്പെടെയുള്ളവ റദ്ദാക്കുകയോ ചെയ്തുകൊണ്ട് അപേക്ഷകർക്ക് സാക്ഷ്യപത്രം നൽകുക;
b)	പോളിസി നൽകുക, പോളിസി ഉടമകള് നോമിനേറ്റ് ചെയ്യുക, ഇൻഷൂറബിള് അഭിരുചി, ഇൻഷുറൻസ് ക്ലയിമുകളുടെ ഒത്തുതീർപ്പ്,പോളിസിയുടെ അടിയറവ്മൂല്യം എന്നിവയും മറ്റ് ഇൻഷുറൻസിന്റെ കരാർ സേവന നിബന്ധനകളും വ്യവസ്ഥകളും പ്രകാരം പോളിസി ഉടമകളെ സംരക്ഷിക്കുകയും വേണം;
c)	മദ്ധ്യവർത്തികൾക്കും ഏജന്റുമാർക്കുമുള്ള നിശ്ചിത യോഗ്യത, നിബന്ധനകള് കൂടാതെ പ്രായോഗിക പരിശീലനം എന്നിവ വ്യക്തമാക്കുക;
d)	സർവേയർമാർക്കും നഷ്ടം കണക്കുകൂട്ടുന്നവർക്കും നിബന്ധനകൾ വ്യക്തമാക്കുക;
e)	ഇൻഷുറന്സ് ബിസിനസ്സ് നടത്തുന്നതില് കാര്യക്ഷമതയെ പ്രോത്സാഹിപ്പിക്കുക;
f)	ഇൻഷുറൻസുമായും ഇൻഷുറൻസ് ബിസിനസ്സുമായും ബന്ധപ്പെട്ട പ്രൊഫഷണൽ സംഘടനകളെ പ്രോത്സാഹിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക;
g)	വകുപ്പുമായി(എഫ്) ബന്ധപ്പെട്ട പ്രഫഷണൽ സംഘടനകളെ പ്രോത്സാഹിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനായുള്ള ഇൻഷുറൻസ് കമ്പനികളുടെ വരുമാനത്തിന്റെ ശതമാനം വ്യക്തമാക്കുക;

h)	ഈനിയമം നടപ്പിലാക്കുന്നതിനാവശ്യമായ ലെവി ഫീസും മറ്റ് ചാർജ്ജുകളും;
i)	ഇൻഷുറൻസ് ബിസിനസ്സിനാവശ്യമായ സംഘടനകള്, പരിശോധന, തെളിവെടുപ്പ്, ഓഡിറ്റ് വിവരങ്ങള്, മദ്ധ്യവർത്തികള് മറ്റ് സംഘടനകള് എന്നിവയറിയാന്;
j)	താരിഫ് അഡ്വൈസറി കമ്മിറ്റി (റ്റിഎസസി) 1938ലെ നിയമം വകുപ്പ് 64യു (വിഭാഗം ബി6 കാണുക) പ്രകാരം അനുസരിപ്പിക്കാത്ത കമ്പനികളുടെ നിരക്കുകൾ നിയന്ത്രിക്കുകയും നിശ്ചയിക്കുകയും ചെയ്യുക;
k)	അക്കൌണ്ട്ബുക്ക് സൂക്ഷിക്കേണ്ട രീതിയും ഇൻഷുറൻസ് കമ്പനികളും മദ്ധ്യവർത്തികളും അത് എന്റർചെയ്യേണ്ട രീതികളും വ്യക്തമാക്കുക;
l)	ഇൻഷുറന്സ് കമ്പനികളുടെ നിയന്ത്രണപ്രകാരം നിക്ഷേപം;
m)	ഇൻഷുറൻസ് കമ്പനികളുടെ നിയമാവശ്യപ്രകാരം നിയന്ത്രിക്കുക (കുറിപ്പ്: സോള്വൻസിയുടെ അളവ് കമ്പനിയുടെ ആസ്തികള് കടങ്ങളെ മറികടക്കുമ്പൊഴാണ്);
n)	ഇൻഷുറൻസ് കമ്പനിയ്ക്കും മദ്ധ്യവർത്തിയ്ക്കും ഇടയിലുള്ള തർക്കങ്ങള് ഒത്തുതീർപ്പാക്കുക;
o)	താരീഫ് അഡ്വൈസറി കമ്മിറ്റി (റ്റിഎസി) (വിഭാഗം ബി6 കാണുക) യുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക;
p)	ലൈഫ് ഇൻഷുറൻസ് ബിസിനസ്സിന്റെയും ജനറല് ഇൻഷുറൻസ് ബിസിനസ്സും ഗ്രാമീണ അല്ലെങ്കില് സാമൂഹ്യ രംഗത്ത് എത്ര ശതമാനമുണ്ടെന്ന് വ്യക്തമാക്കുക; കൂടാതെ
q)	ശുപാർശ ചെയ്യപ്പെട്ടതുപ്രകാരമുള്ള മറ്റ്അധികാരങ്ങളും നടപ്പിലാക്കുക.

സി2 റിസര്വ് ബാങ്ക് ഓഫ് ഇൻഡ്യ (ആർബിഐ)

റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ 1935 ഏപ്രില് 1 നാണ് സ്ഥാപിതമായത്, അത് 1934ലെ **റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ നിയമ**ത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു. ആർബിഐ എന്നത് നിയന്ത്രകനും മേൽനോട്ടക്കാരനും, ഇൻഡ്യയില് നടക്കുന്ന എല്ലാ സാമ്പത്തിക ഇടപാടുകളുടെയും സംവിധാനങ്ങളുടെ ആകെ മേലധികാരിയുമാണ്. ആർബിഐ രാജ്യത്ത് ഒരു സാമ്പത്തിക നിലപാട് സ്വീകരിക്കുകയും അത് നടപ്പിലാക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നു, അത് വിലനിലവാര സ്ഥിരത ഉറപ്പുവരുത്താനാണ്.

സി3 സെക്യൂരിറ്റീസ് അന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇൻഡ്യ (എസ്ഇബിഐ)

സെബി 1992 ഏപ്രില് 12 നാണ് **സെക്യൂരിറ്റീസ് അന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇൻഡ്യ**യുമായി ബന്ധപ്പെട്ടുകൊണ്ട് ആരംഭിച്ചത്. ഇൻഡ്യയിലെ സെക്യൂരിറ്റി മാർക്കറ്റിലെ നിയന്ത്രകനാണ് സെബി, മാത്രമല്ല അത് നിക്ഷേപകരുടെ താൽപര്യങ്ങള് സംരക്ഷിക്കുകയും ചെയ്യുന്നു. സമയാസമയങ്ങളിൽ സെക്യൂരിറ്റി വിപണിയുടെ വളർച്ചയ്ക്കാവശ്യമായ നടപടികള് കൈക്കൊള്ളുന്നതും സെബിയാണ്.

ചോദ്യം 13.3
ഐആർഡിഎയുടെ പ്രധാന ലക്ഷ്യങ്ങള് എന്തൊക്കെയാണ്?

ഡി ഐആർഡിഎ (ഇൻഷുറൻസ് ഏജന്റുമാരുടെ ലൈസൻസിംഗ്) നിയമം 2000

ജൂലായ് 2000 ല് **ഐആർഡിഎ (ഇൻഷുറൻസ് ഏജന്റുമാരുടെ ലൈസൻസിംഗ്) നിയമം** പുറപ്പെടുവിച്ചു. ഇത് പുറപ്പെടുവിക്കലും പുതുക്കലുമായി ബന്ധപ്പെട്ട ഏജന്റുമാരുടെ കാര്യവുമായി ബന്ധപ്പെട്ട സുപ്രധാനമായൊരു നീക്കമായിരുന്നു.

ഡി1 ഒരു ഏജന്റാവുക

നിങ്ങളൊരു ഇൻഷുറൻസ് ഏജന്റാവാന് ആഗ്രഹിക്കുന്നുവെങ്കില് ഒരു വ്യക്തി എന്ന നിലയ്ക്ക് ഒരുപാട് ചുവടുകൾ എടുക്കാനുണ്ട്, കൂടാതെ ഒരുപാട് മാനദണ്ഡങ്ങളും.

ഒരു ഏജന്റാകുന്നത്

അപേക്ഷാ ഫോമും (നിയമം 3) & ഫീസും (നിയമം 7)

യോഗ്യത (നിയമം 4)

പ്രായോഗിക പരിശീലനം (നിയമം 5)

പരീക്ഷ (നിയമം 6)

ലൈസൻസുള്ള ഏജന്റ്

ഡി1എ അപേക്ഷ

ആദ്യമായി, ഒരു ഇൻഷുറൻസ് ഏജന്റായി പ്രവർത്തിക്കാനാഗ്രഹിക്കുന്ന ആള്, ആവശ്യമായ മാതൃകയിൽ ഒരു അപേക്ഷ, **നിയമം 3** ല് പറഞ്ഞിട്ടുള്ളതുപോലെ

ബന്ധപ്പെട്ട ആൾക്ക് സമർപ്പിക്കണം. **നിയമം 7** ല് പറഞ്ഞിട്ടുള്ളതുപോലെ അപേക്ഷയോടൊപ്പം 250 രൂപയും ഫീസായി സമർപ്പിക്കണം.

ഡി1ബി യോഗ്യത

അപേക്ഷകന് നിയമം 4 ല് പറഞ്ഞിട്ടുള്ളതുപോലുള്ള യോഗ്യത,താഴെ പറയും പ്രകാരം ഉണ്ടായിരിക്കണം.

അവസാന സെൻസസ് പ്രകാരം അപേക്ഷകന് താമസിക്കുന്നത് 5,000 അല്ലെങ്കില് അതില് അധികം ജനവാസമുള്ള പ്രദേശമാണെങ്കില്

- 12 ആം ക്ലാസ് കുറഞ്ഞ യോഗ്യത; അല്ലെങ്കിൽ
- അംഗീകൃതമായ ഏതെങ്കിലും ബോർഡോ അല്ലെങ്കില് സ്ഥാപനമോ ലഭ്യമാക്കുന്ന ഒരു തത്തുല്യ പരീക്ഷ.

അപേക്ഷകൻ മറ്റേതെങ്കിലും പ്രദേശത്താണ് ജീവിക്കുന്നതെങ്കില്

- 10 ആം ക്ലാസ് കുറഞ്ഞ യോഗ്യത
- അംഗീകൃതമായ ഏതെങ്കിലും ബോർഡോ അല്ലെങ്കില് സ്ഥാപനമോ ലഭ്യമാക്കുന്ന ഒരു തത്തുല്യ പരീക്ഷ

ഡി1സി പ്രായോഗിക പരിശീലനം

നിയമം 5 ല് പറയുന്നതുപോലെ അപേക്ഷകന് പ്രായോഗിക പരിശീലനം ലഭിക്കേണ്ടതുണ്ട്. ലൈസൻസ് ആദ്യമായി നേടാനൊരുങ്ങുമ്പോള് അപേക്ഷകന് ചുരുങ്ങിയത് 50 മണിക്കൂര് (കോമ്പസിറ്റ് ഏജൻസിയാണെങ്കില് 75 മണിക്കൂർ) പൂർത്തിയാക്കിയിരിക്കണം,അതുംഒരു യോഗ്യതയുള്ള സ്ഥാപനത്തിൽ നിന്ന്. എന്നിരുന്നാലും, പ്രായോഗിക പരിശീലനത്തിനുള്ള പരിധിയില് അപേക്ഷകന്റെ യോഗ്യതയ്ക്കനുസരിച്ച് ഇളവുകൾ അനുവദിക്കുന്നതാണ് (ഉപനിയമം (1) അനുശാസിക്കുന്നതുപോലെ).

ഡി1ഡി പരീക്ഷ

അപേക്ഷകൻ **നിയമം 6** അനുശാസിക്കുന്നതുപോലെ നിയമനത്തിനുമുമ്പ് ഒരു പരീക്ഷ പാസാകേണ്ടതുണ്ട്. ഈ പരീക്ഷ ചിലപ്പോൾ ഇൻഷുറൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യ (ഐഐഐ) അല്ലെങ്കിൽ മറ്റേതെങ്കിലും അംഗീകൃതമായ പരീക്ഷാ സമിതികളായിരിക്കും നടത്തുക.

ഡി 1ഇ ലൈസൻസ് നൽകുക

താഴെ പറയുന്ന കാര്യങ്ങള് തൃപ്തികരമാണെങ്കില് അംഗീകൃതനായ വ്യക്തി ലൈസൻസ് നൽകിയേക്കാം:

- നിയമം 4 പ്രകാരം അനുയോജ്യനെങ്കില് (ശരിയായ യോഗ്യത ഉണ്ട്);

- നിയമം 5 പ്രകാരം അനുയോജ്യനെങ്കില് (പ്രായോഗിക പരിശീലനം കഴിഞ്ഞുവെങ്കിൽ);
- നിയമം 6 പ്രകാരം അനുയോജ്യനെങ്കില് (അത്യാവശ്യമായ പരീക്ഷ ജയിച്ചുവെങ്കിൽ);
- എല്ലാം തികഞ്ഞ ഒരു അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കില്;
- ഇൻഷുറൻസ് ബിസിനസ്സിനെക്കുറിച്ച് അറിവുണ്ടെങ്കില്; കൂടാതെ
- പോളിസി ഉടമകൾക്ക് ആവശ്യമായ സേവനം ലഭ്യമാക്കാന് പ്രാപ്തി ഉണ്ടെങ്കില്.

ഡി1എഫ് ലൈസൻസ് പുതുക്കല്

അവരുടെ ലൈസൻസ് പുതുക്കാനുള്ള അനുമതി വാങ്ങുന്നതിന് മുമ്പ് ഒരു ഇൻഷുറൻസ് ഏജന്റ് എന്ന നിലയില് അപേക്ഷകന് ചുരുങ്ങിയത് 25 മണിക്കൂര് ലൈഫ് ഇൻഷുറൻസ് ബിസിനസ്സിനെ സംബന്ധിച്ച് പ്രായോഗിക പരിശീലനം **നിയമം5(3)** ല് പറയുന്നതുപോലുള്ള ഒരു സ്ഥാപനത്തില് നിന്ന് പൂർത്തിയാക്കിയിരിക്കണം

ഡി1ജി ലൈസന്സിന്റെ റദ്ദാക്കല്

യോഗ്യനായ ഒരു ഉദ്യോഗസ്ഥനാല് ഏജന്റ് നിയമത്തിന്റെ 42 ആം വിഭാഗത്തില് ഉപവിഭാഗം (4) ൽ കാണുന്നതുപ്രകാരം അയോഗ്യതയുള്ള ആളെ അയോഗ്യതകള് കൽപിക്കാനും ലൈസൻസ് റദ്ദാക്കപ്പെടുവാനും സാദ്ധ്യതയുണ്ട്.

ഉപവിഭാഗത്തിൽ കാണിച്ചിരിക്കുന്ന അയോഗ്യതകള് താഴെ പറയുന്ന പ്രകാരം ഇൻഷുറൻസ് ഏജന്റിന് ബാധകമാണ്:

- വ്യക്തി പ്രായപൂർത്തിയാകാത്ത ആളാണെങ്കില്.
- വ്യക്തി മാനസികമായി പ്രശ്നങ്ങളുള്ള ആളാണെന്ന് തെളിഞ്ഞാല്.
- ക്രിമിനൽ കേസുകളില് കുടുങ്ങിയാല്, വിശ്വാസവഞ്ചന, ചതി, ആൾമാറാട്ടം, മാറ്റാരെക്കൊണ്ടെങ്കിലും മേൽപറഞ്ഞവയ്ക്ക് പ്രേരിപ്പിക്കല് എന്നിവയില് കുറ്റക്കാരനാണെന്ന് തെളിഞ്ഞാൽ.
    - എന്നിരുന്നാലും ശിക്ഷയുടെ കാലാവധി കഴിഞ്ഞ് അഞ്ച് വർഷം കഴിഞ്ഞാൽ മറ്റ് തരം അയോഗ്യതകള് ഉണ്ടാകാതിരിക്കാം.
- വ്യക്തി കുറ്റക്കാരനാണ് എന്ന് തെളിഞ്ഞാല്, അല്ലെങ്കില് വഞ്ചനകളില് പങ്കാളിയായിട്ടുണ്ട് എന്നറിഞ്ഞാൽ, ഇൻഷുറർക്കെതിരെയോ ഇൻഷ്വേർഡിനെതിരെയോ മോശമായിപെരുമാറിയിട്ടുണ്ടെങ്കില്.
- ആവശ്യമായ അറിവില്ലാത്ത വ്യക്തി അല്ലെങ്കില് ആവശ്യത്തിന് പരിശീലനം നേടിയിട്ടില്ലാത്ത വ്യക്തി.
- നിബന്ധനകൾ (വിഭാഗം ഡി2 കാണുക) തെറ്റിച്ച ഒരു വ്യക്തിയാണെങ്കിൽ.

ചോദ്യം 13.4
ഒരു ലൈഫ് ഇൻഷുറൻസ് ഏജന്റ് എത്ര മണിക്കൂര് പ്രായോഗിക പരിശീലനമാണ് നേടേണ്ടത്?

ഡി1എച്ച് ലൈസന്സിന്റെ പകർപ്പ് പുറപ്പെടുവിക്കല്

നഷ്ടപ്പെട്ടതോ, നശിപ്പിക്കപ്പെട്ടതോ, അല്ലെങ്കില് തേഞ്ഞുപോയതോ ആയ ലൈസൻസിന്റെ പകർപ്പ് 50 രൂപയ്ക്ക് നൽകിയേക്കാം.

ഡി 1ഐ ലൈസൻസില്ലാതെ പ്രവർത്തിക്കല്

ലൈസൻസില്ലാതെ ഇൻഷുറൻസ് ഏജന്റായി പെരുമാറുന്ന വ്യക്തിഎ 500 രൂപയുടെ പിഴയ്ക്കുവരെ ശിക്ഷിയ്ക്കും.

ഡി2 ഏജന്റ് ചട്ടങ്ങള്

ലൈസന്സ് നിയമങ്ങൾക്കനുസരിച്ച്, എല്ലാ ഇൻഷുറൻസ് ഏജന്റും പിന്തുടരേണ്ട ഒരു ചട്ടമുണ്ട്. നമ്മൾ അത് 15 ആം അദ്ധ്യായത്തില് ചർച്ച ചെയ്യും.

ചോദ്യം 13.5
ഒരു ഇൻഷുറൻസ് ഏജന്റാകാന് നിങ്ങള് എന്തെല്ലാമാണ് ചെയ്യേണ്ടത്?

പ്രധാന പോയിന്റുകള്
സർക്കാരിന്റെ പങ്ക്
• 1999 ലെ ഐആർഡിഎ നിയമം ഒരു നോട്ടീസ് കൊടുക്കുന്നപക്ഷം ഐആർഡിഎയെ മറികടക്കാനുള്ള ശക്തി കേന്ദ്ര സർക്കാരിന് നൽകിയിരിക്കുന്നു.
• ഐആർഡിഎ അതിന്റെ ശക്തിയും അധികാരവും വേണ്ട വിധത്തില് ഉപയോഗിച്ചില്ല (ഐആർഡിഎയുടെതല്ലാത്ത കാരണങ്ങളാൽ) എന്ന ആക്ഷേപമുന്നയിച്ചാണ് കേന്ദ്ര സർക്കാര് പ്രസ്തുത ഏറ്റെടുക്കല്, പൊതുജന നന്മയ്ക്കായി നടത്തുന്നത്.
• നിലവിലുള്ള എഫ്ഡിഐ ഇൻഷുറൻസ് നിയമപ്രകാരം എഴുത്തിലോ, പ്രാദേശിക സ്വകാര്യ കമ്പനികളോ സംയുക്ത സംരംഭങ്ങൾ (ജെവി കൾ) 26% വിദേശ പങ്കാളിയുടെ കൈവശമായിരുന്നു.
• എങ്ങനെയാണ് വ്യത്യസ്തതരം ആദായനികുതി ആനുകൂല്യങ്ങള് പ്രഖ്യാപിക്കുന്നത് എന്നതിനെ അടിസ്ഥാനമാക്കി വ്യക്തികളെ ലൈഫ് ഇൻഷുറൻസില് നിക്ഷേപിക്കാന് പ്രേരിപ്പിക്കുന്നു.
പ്രധാനപ്പെട്ട ഇൻഡ്യന് സംഘടനകള്
• ലൈഫ് ഇൻഷുറൻസ് കൌൺസില് വ്യവസായത്തിനായി വികസിപ്പിക്കുകയും സഹകരിക്കുകയും സർക്കാരിനോടും, ഐആർഡിഎയുമായും പൊതുജനങ്ങളുമായും എല്ലാ ചർച്ചകളും നടത്തുകയും ചെയ്യുന്നു. ചുരുക്കത്തിൽ, ഇത് ലൈഫ് ഇൻഷുറൻസ് വ്യവസായത്തിന്റെ മുഖം തന്നെയാണ്.

• ഇൻഷുറൻസ് ബ്രോക്കേഴ്സ് അസോസിയേഷന് ഓഫ് ഇൻഡ്യ(ഐബിഎഐ) എന്നത് ഐആർഡിഎ അംഗീകരിച്ച ലൈസൻസുള്ള ഇൻഷുറൻസ് ബ്രോക്കർമാരുടെ ഒരു സംഘടനയാണ്.
• ഇൻഡ്യയില് ആക്ചുറി ഒരു പ്രൊഫഷനായി വളർത്തുക എന്നുള്ളതാണ് ആക്ചുറിയൽ സൊസൈറ്റി ഓഫ് ഇൻഡ്യയുടെ ലക്ഷ്യം.
• ടിഎസി സാധാരണ ഇൻഷുറൻസ് ബിസിനസ്സില് ഇൻഷുറർമാര് വാഗ്ദാനം ചെയ്യുന്ന നിരക്കുകൾ, ആനുകൂല്യങ്ങള്, നിബന്ധനകളും വ്യവസ്ഥകളും എന്നിവയുമായി ബന്ധപ്പെട്ടതാണ്.
• ഇൻഷുറൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയുടെ പ്രധാന ചുമതല ഇൻഡ്യയില് ഇൻഷുറൻസ് വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും ഇൻഷുറൻസ് വ്യവസായത്തിന്റെ എല്ലാ വിഭാഗങ്ങളുമായും ബന്ധപ്പെട്ട് പരിശീലനം നൽകുക എന്നതുമാണ്.
* സിഐഐ ലോകത്തെ ഏറ്റവും വലിയ ഇൻഷുറന്സ് കൂടാതെ സാമ്പത്തിക ശ്യംഖലയാണ്. സിഐഐയുടെ പ്രധാന ഉദ്ദേശം സ്ഥിരമായ ആഗോള പ്രൊഫഷണൽ നിലവാരം, വിദ്യാഭ്യാസ പങ്കാളികള്, പ്രൊഫഷണലിസം വർദ്ധിപ്പിക്കാനായി വ്യാവസായിക നിലവാരം വർദ്ധിപ്പിക്കുക.
ഐആർഡിഎ കൂടാതെ മറ്റ് നിയമനിർമ്മാണ സഭകളുടെയും ചുമതലകള്, ശക്തികള് കൂടാതെ പ്രവർത്തനങ്ങള്
* ഇൻഷുറൻസ് വ്യവസായത്തെ നിയന്ത്രിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്ന ഒരു സ്വതന്ത്ര സംഘടനയാണ് ഐആർഡിഎ സ്ഥാപിച്ചത്.
* ഐആർഡിഎ 1999 നിയമത്തിലെ വകുപ്പ് 14(എഫ്) പ്രകാരം ചുമതലകളും അധികാരങ്ങളും സ്ഥാപിതമായിരിക്കുന്നു.
* ഐആർഡിഎയ്ക്ക് നിയന്ത്രിക്കാനും, പ്രോത്സാഹിപ്പിക്കാനും സമയാസമയങ്ങളിൽ ഇൻഷുറൻസ് കൂടാതെ റീയിൻഷുറന്സ് എന്നിവയില് വളർച്ച കൈവരിക്കാനുമുള്ള കടമയുണ്ട്.
ഐആർഡിഎ (ഇൻഷുറൻസ് ഏജന്റുമാരുടെ ലൈസൻസിംഗ്) നിയമം 2000.
• ജൂലായ് 2000 ല് ഐആർഡിഎ (ഇൻഷുറൻസ് ഏജന്റുമാരുടെ ലൈസൻസിംഗ്) നിയമം പുറപ്പെടുവിച്ചു. ഇത് പുറപ്പെടുവിക്കലും പുതുക്കലുമായി ബന്ധപ്പെട്ട ഏജന്റുമാരുടെ കാര്യവുമായി ബന്ധപ്പെട്ട സുപ്രധാനമായൊരു നീക്കമായിരുന്നു.
• ആദ്യമായി, ഒരു ഇൻഷുറൻസ് ഏജന്റായി പ്രവർത്തിക്കാനാഗ്രഹിക്കുന്ന ആള്, ആവശ്യമായ മാതൃകയിൽ ഒരു അപേക്ഷ, ബന്ധപ്പെട്ട ആൾക്ക് സമർപ്പിക്കണം. യോഗ്യതയും പരിശീലനവും പരീക്ഷ പാസാകലും ലൈസൻസ് നൽകുന്നതിന് മുമ്പ് ആവശ്യമാണ്.

ചോദ്യോത്തരങ്ങൾ

13.1

ഐആർഡിഎ നിയമം ഒരു നോട്ടീസ് കൊടുക്കുന്നപക്ഷം ഐആർഡിഎയെ മറികടക്കാനുള്ള ശക്തി കേന്ദ്ര സർക്കാരിന് നൽകിയിരിക്കുന്നു. ഐആർഡിഎ അതിന്റെ ശക്തിയും അധികാരവും വേണ്ട വിധത്തില് ഉപയോഗിച്ചില്ല (ഐആർഡിഎയുടെതല്ലാത്ത കാരണങ്ങളാൽ) എന്ന ആക്ഷേപമുന്നയിച്ചാണ് കേന്ദ്ര സർക്കാര് പ്രസ്തുത ഏറ്റെടുക്കല്, പൊതുജന നന്മയ്ക്കായി നടത്തുന്നത്.

13.2 ലൈഫ് ഇൻഷുറൻസ് കൌൺസിലിന്റെ പ്രധാന ജോലി
1. ഉയർന്ന നിലവാരത്തിലുള്ള ധാർമ്മികതയും ഭരണവും നിലനിർത്തുക.
2. വ്യവസായത്തെക്കുറിച്ച് നല്ലൊരു ചിത്രമുണ്ടാക്കുകയും ഉപഭോക്തൃ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യുക.
3. ലൈഫ് ഇൻഷുറൻസിന്റെ പങ്കിനെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും ബോധവൽക്കരിക്കുക.
4. സർക്കാർ, നിയമനിർമ്മാതാക്കള് കൂടാതെ മറ്റ് അധികാരികള് എന്നിവരുമായി ഘടനാപരമായതും മുൻകൂട്ടി കണ്ടുകൊണ്ടുള്ളതുമായ ചർച്ചകള് സംഘടിപ്പിക്കുക.
5. ലൈഫ് ഇൻഷുറൻസില് ഗവേഷണം നടത്തുകയും ഈ മേഖലയുടെ വികാസത്തിൽ സംഭാവന നൽകുകയും ചെയ്യുക.
6. സാമ്പത്തിക സേവന മേഖലയിൽ മറ്റ് സംഘടനകളുമായി ഫോറം ആയി പ്രവർത്തിക്കുക.
7. ഇൻഷുറൻസ് വിദ്യാഭ്യാസം, പരിശീലനം, സമ്മേളനങ്ങൾ എന്നിവയില് പ്രധാന പങ്ക് വഹിക്കുക.
8. ആവശ്യമുള്ളതുപ്രകാരം അംഗങ്ങൾക്ക് സഹായവും മാർഗനിർദ്ദേശങ്ങളും നൽകുക.
9. ഇൻഡ്യന് ലൈഫ് ഇൻഷുറൻസ് വ്യവസായത്തിനും ആഗോള വിപണികൾക്കും ഇടയിലുള്ള സജീവമായ ഒരു ഇടനിലക്കാരനായി പ്രവർത്തിക്കുക.
13.3 മത്സരം പരിപോഷിപ്പിക്കുകയും അതുവഴി ഉപഭോക്താക്കൾക്ക് കൂടുതല് തെരഞ്ഞെടുപ്പുകളും താഴ്ന്ന പ്രീമിയം നിരക്കും നൽകി ഇൻഷുറൻസ് വിപണിയുടെ സാമ്പത്തിക സുരക്ഷ ഉറപ്പുവരുത്താനുമാണ് ഐആര്ഡിഎയുടെ പ്രധാന ഉദ്ദേശങ്ങളിൽ ചിലത്.
13.4 ഒരു പുതിയ ഇൻഷുറൻസ് ഏജന്റ് 50 മണിക്കൂറിന്റെ പരിശീലനം നടത്തേണ്ടതുണ്ട്, എന്നിരിക്കേത്തന്നെ അധിക വിദ്യാഭ്യാസ യോഗ്യതകളുണ്ടെങ്കില് അയവുകളുണ്ട്.
13.5 നിങ്ങൾ ഒരു ലൈഫ് ഇൻഷുറൻസ് ഏജന്റാകാന് ഉദ്ദേശിക്കുന്നുവെങ്കില് നിങ്ങള് ഒരുപാട് ഘട്ടങ്ങളും മാനദണ്ഡങ്ങളും പാലിക്കേണ്ടതുണ്ട്. 1. ആവശ്യമായ മാതൃകയിൽ ഒരു അപേക്ഷ, **നിയമം 3** ല് പറഞ്ഞിട്ടുള്ളതുപോലെ ബന്ധപ്പെട്ട ആൾക്ക് സമർപ്പിക്കണം. **നിയമം 7** ല് പറഞ്ഞിട്ടുള്ളതുപോലെ അപേക്ഷയോടൊപ്പം 250 രൂപയും ഫീസായി സമർപ്പിക്കണം.

2. അപേക്ഷകന് യോഗ്യത, താഴെ പറയും പ്രകാരം ഉണ്ടായിരിക്കണം. അപേക്ഷകൻ ജീവിക്കുന്നത് അവസാന സെൻസസ് പ്രകാരം 5000 പേര് അല്ലെങ്കിൽ അതിനുമുകളില് ആളുകള് താമസിക്കുന്ന സ്ഥലങ്ങളില് കുറഞ്ഞത് 12 ആം ക്ലാസ് യോഗ്യത ഉണ്ടായിരിക്കണം. അവർ മറ്റെവിടെയെങ്കിലുമാണ് ജീവിക്കുന്നതെങ്കിൽ യോഗ്യത 10 ആം ക്ലാസോ അല്ലെങ്കിൽബോർഡോ സ്ഥാപനമോ അംഗീകരിച്ചിട്ടുള്ള തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം. (നിയമം 4).
3. ഒരു പുതിയ ഇൻഷുറൻസ് ഏജന്റ് 50 മണിക്കൂറിന്റെ പരിശീലനം നടത്തേണ്ടതുണ്ട്, എന്നിരിക്കേത്തന്നെ അധിക വിദ്യാഭ്യാസ യോഗ്യതകളുണ്ടെങ്കിൽ അയവുകളുണ്ട് (നിയമം 5).
4. നിയമത്തിന് മുമ്പ് ലൈഫ് ഇൻഷുറൻസ് ബിസിനസ്സിനെക്കുറിച്ചുള്ള പരീക്ഷ നിങ്ങൾ പാസായിരിക്കണം (നിയമം 6).
5. മുകളിൽ പറഞ്ഞ അത്യാവശ്യമായ എല്ലാ വിജ്ഞാനവും നൈപുണികളും നേടി ഇൻഷുരൻസ് ബിസിനസ്സ് നേടാനും അന്വേഷിക്കാനും പ്രാപ്തരായി പോളിസി ഉടമകൾക്ക് ആവശ്യമായ സേവനങ്ങള് നൽകാന് പ്രാപ്തരായാല് നിങ്ങൾക്ക് ലൈസൻസ് ലഭിക്കുന്നു.

സ്വയം - പരീക്ഷാ ചോദ്യങ്ങള്
1. ഒരു ഇൻഷുറൻസ് ഏജന്റിനാവശ്യമുള്ള കുറഞ്ഞ യോഗ്യത എന്താണ്?
2. ഐആർഡിഎ യുടെ ഏഴ് ശക്തികളും പ്രവർത്തനങ്ങളും പട്ടികപ്പെടുത്തുക.
3. ഐആർഡിഎ നിയമം 1999 പ്രകാരം കേന്ദ്ര സർക്കാരിന്റെ പങ്ക് എന്താണ്?
4. നിലവിലുള്ള എഫ്ഡിഐയ്ക്ക് എത്ര ഇൻഷുറൻസാണ് അനുവദിച്ചിട്ടുള്ളത്?

നിങ്ങൾക്ക് അടുത്ത പേജിൽ ഉത്തരങ്ങള് കാണാനാകും

സ്വയം - പരീക്ഷാ ചോദ്യങ്ങള്

1.

അപേക്ഷകന് നിയമം 4 ല് പറഞ്ഞിട്ടുള്ളതുപോലുള്ള യോഗ്യത,താഴെ പറയും പ്രകാരം ഉണ്ടായിരിക്കണം. അപേക്ഷകന് ജീവിക്കുന്നത് അവസാന സെൻസസ് പ്രകാരം 5000 പേര് അല്ലെങ്കില് അതിനുമുകളില് ആളുകള് താമസിക്കുന്ന സ്ഥലങ്ങളില് കുറഞ്ഞത് 12 ആം ക്ലാസ് യോഗ്യത ഉണ്ടായിരിക്കണം. അവർ മറ്റെവിടെയെങ്കിലുമാണ് ജീവിക്കുന്നതെങ്കില് യോഗ്യത 10 ആം ക്ലാസോ അല്ലെങ്കിൽബോർഡോ സ്ഥാപനമോ അംഗീകരിച്ചിട്ടുള്ള തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം.

2.

നിങ്ങൾ താഴെ പറയുന്നവയില് നിന്ന് ഏഴെണ്ണം പറയുക.

ഐആർഡിഎയുടെ അധികാരങ്ങൾക്കും ശക്തികൾക്കും സാധിക്കുന്നത്:

a) രെജിസ്ട്രേഷൻ, പുതുക്കല്, നവീകരിക്കല്, പിൻവലിക്കല്, സസ്പെന്റ് ചെയ്യുകയോ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ളവ റദ്ദാക്കുകയോ ചെയ്തുകൊണ്ട് അപേക്ഷകർക്ക് സാക്ഷ്യപത്രം നൽകുക;
b) പോളിസി നൽകുക, പോളിസി ഉടമകള് നോമിനേറ്റ് ചെയ്യുക, ഇൻഷൂറബിള്

അഭിരുചി, ഇൻഷുറൻസ് ക്ലയിമുകളുടെ ഒത്തുതീർപ്പ്,പോളിസിയുടെ അടിയറവ്മൂല്യം എന്നിവയും മറ്റ് ഇൻഷുറൻസിന്റെ കരാര് സേവന നിബന്ധനകളും വ്യവസ്ഥകളും പ്രകാരം പോളിസി ഉടമകളെ സംരക്ഷിക്കുകയും വേണം;

c) മദ്ധ്യവർത്തികൾക്കും ഏജന്റുമാർക്കുമുള്ള നിശ്ചിത യോഗ്യത, നിബന്ധനകള് കൂടാതെ പ്രായോഗിക പരിശീലനം എന്നിവ വ്യക്തമാക്കുക;
d) സർവേയർമാർക്കും നഷ്ടം കണക്കുകൂട്ടുന്നവർക്കും നിബന്ധനകള് വ്യക്തമാക്കുക;
e) ഇൻഷുറന്സ് ബിസിനസ്സ് നടത്തുന്നതില് കാര്യക്ഷമതയെ പ്രോത്സാഹിപ്പിക്കുക;
f) ഇൻഷുറൻസുമായും ഇൻഷുറൻസ് ബിസിനസ്സുമായും ബന്ധപ്പെട്ട പ്രൊഫഷണല് സംഘടനകളെ പ്രോത്സാഹിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക;
g) വകുപ്പുമായി(എഫ്) ബന്ധപ്പെട്ട പ്രഫഷണൽ സംഘടനകളെ പ്രോത്സാഹിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനായുള്ള ഇൻഷുറൻസ് കമ്പനികളുടെ വരുമാനത്തിന്റെ ശതമാനം വ്യക്തമാക്കുക;
h) ഈ നിയമം നടപ്പിലാക്കുന്നതിനാവശ്യമായ ലെവി ഫീസും മറ്റ് ചാർജുകളും;
i) ഇൻഷുറൻസ് ബിസിനസ്സിനാവശ്യമായ സംഘടനകള്, പരിശോധന, തെളിവെടുപ്പ്, ഓഡിറ്റ് വിവരങ്ങൾ, മദ്ധ്യവർത്തികള് മറ്റ് സംഘടനകള് എന്നിവയറിയാന്;
j) നിരക്കുകള് നിയന്ത്രിക്കുകയും നിശ്ചയിക്കുകയും ചെയ്യുക, താരിഫ് അഡ്വൈസറി കമ്മിറ്റി (റ്റി എസ് സി) 1938ലെ നിയമം വകുപ്പ് 64യു (വിഭാഗം ബി6 കാണുക) വിൽ പറയുന്നതുപോലെ;
k) അക്കൌണ്ട്ബുക്ക് സൂക്ഷിക്കേണ്ട രീതിയും ഇൻഷുറൻസ് കമ്പനികളും മദ്ധ്യവർത്തികളും അത് എന്റർചെയ്യേണ്ട രീതികളും വ്യക്തമാക്കുക;
l) ഇൻഷുറന്സ് കമ്പനികളുടെ നിയന്ത്രണപ്രകാരം നിക്ഷേപം;
m) ഇൻഷുറൻസ് കമ്പനികളുടെ നിയമാവശ്യപ്രകാരം നിയന്ത്രിക്കുക (കുറിപ്പ്: സോളൻസിയുടെ അളവ് കമ്പനിയുടെ ആസ്തികള് അതിന്റെ കടങ്ങളെ മറികടക്കുമ്പൊഴാണ്);
n) ഇൻഷുറൻസ് കമ്പനിയ്ക്കും മദ്ധ്യവർത്തിയ്ക്കും ഇടയിലുള്ള തർക്കങ്ങള് ഒത്തുതീർപ്പാക്കുക;
o) താരീഫ് അഡ്വൈസറി കമ്മിറ്റി (റ്റിഎസി) (വിഭാഗം ബി6 കാണുക) യുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക;
p) ലൈഫ് ഇൻഷുറൻസ് ബിസിനസ്സിന്റെയും ജനറല് ഇൻഷുറൻസ് ബിസിനസ്സും ഗ്രാമീണ അല്ലെങ്കില് സാമൂഹ്യ രംഗത്ത് എത്ര ശതമാനമുണ്ടെന്ന് വ്യക്തമാക്കുക; കൂടാതെ
q) ശുപാർശ ചെയ്യപ്പെട്ടതുപ്രകാരമുള്ള മറ്റ്അധികാരങ്ങളും നടപ്പിലാക്കുക.

3. ഐആർഡിഎ നിയമം അനുശാസിക്കുന്ന കേന്ദ്രസർക്കാരിന്റെ പങ്ക് താഴെ കാണുന്നതുപോലെ സംഗ്രഹിക്കാം:

- പാർലമെന്റ് ഒരു നിയമമായി അംഗീകരിച്ചതിനുശേഷം ഐആർഡിഎയ്ക്ക് ഗ്രാന്റ് അനുവദിക്കുന്നു.
- ഐആർഡിഎയുടെ വാർഷിക കണക്കുകള് ഓഡിറ്റര് ജനറല് ഓഫ് ഇൻഡ്യയാല് ഓഡിറ്റ് ചെയ്ത് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. പിന്നീട് ഈ അക്കൌണ്ട് വിവരങ്ങൾ കേന്ദ്ര സർക്കാര് ഓരോ സഭയ്ക്ക് മുന്നിലും അവതരിപ്പിക്കും.

• പോളിസിയെക്കുറിച്ചുള്ള ചോദ്യങ്ങളുടെ അടിസ്ഥാനത്തില് കേന്ദ്ര സർക്കാരിന് ഐെആർഡിഎയ്ക്ക് സാങ്കേതികേതരമായ ഏത് വിഷയത്തിലും മാർഗനിർദ്ദേശങ്ങള് പുറപ്പെടുവിക്കാം. അത് സമയാസമയങ്ങളില് ഐെആർഡിഎയ്ക്ക് കേന്ദ്ര സർക്കാര് എഴുത്തുരൂപത്തില് മാർഗനിര്ദ്ദേശങ്ങൾ നൽകാവുന്നതാണ്. • ഐെആർഡിഎ വരുമാനങ്ങള്, പ്രസ്താവനകള് കൂടാതെ മറ്റ് കാര്യങ്ങള് എന്നിവ ഏതെങ്കിലും ശുപാർശിതമോ നിലവിലുള്ളതോ ആയ പരിപാടിയുടെ പ്രചാരണത്തിനും വികസനത്തിനുമായി സമയാസമയങ്ങളിൽ കേന്ദ്ര സർക്കാരുമായി സഹകരിക്കേണ്ടതാണ്. • ഈ നയമത്തിന്റെ സാദ്ധ്യതകള് നടപ്പിലാക്കാന് കേന്ദ്ര സർക്കാരിന് അതിന്റേതായ അധികാരമുണ്ട്, മാത്രമല്ല അത് ചെയ്യാന് ഒരു നോട്ടീസ് പുറപ്പെടുവിച്ചാൽ മാത്രം മതി.
4. അനായാസമായ ഒരു ആരംഭത്തിനും മുന്നോട്ടുപോക്കിനും വേണ്ടി സർക്കാര് 26% നേരിട്ടുള്ള വിദേശ നിക്ഷേപം (എഫ്ഡിഐെ) അനുവദിച്ചു. നിലവിലുള്ള എഫ്ഡിഐെ ഇൻഷുറൻസ് നിയമപ്രകാരം എഴുത്തിലോ, പ്രാദേശിക സ്വകാര്യ കമ്പനികളോ സംയുക്ത സംരംഭങ്ങൾ (ജെവി കൾ) 26% വിദേശ പങ്കാളിയുടെ കൈവശമായിരുന്നു.